**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6879 — 02/11/2011-ൽ മറുപടിയ്ക്ക്

**ഭൂമി വില നിർണ്ണയം**

**ചോദ്യം**

ശ്രീ. കെ. ദാസൻ

(എ) പൊതു ആവശ്യത്തിന് ഉഭയകക്ഷി സമ്മതപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ അതിന്റെ വാല്യൂവേഷൻ നടപടികളിൽ വലിയ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ നിലവിലുള്ള നടപടി ക്രമങ്ങളിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്താൻ തയ്യാറാവുമോ ;

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. റവന്യൂ വകുപ്പ് മന്ത്രി)

(എ) പൊതു ആവശ്യത്തിനുവേണ്ടി ഉഭയകക്ഷി സമ്മത പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നത് അടിസ്ഥാന ഭൂമി വിലയിൽ നിന്ന് കമ്പോള വിലയും അതിന്റെ ആനുകൂല്യങ്ങളും ഉൾപ്പെടെ നെഗോസിയേഷൻ വഴി തുക കണ്ടെത്തുന്നു. അത് ജില്ലാതല എംപവ്വേർഡ് കമ്മിറ്റിയുടെ അനുമതിയോടെ സംസ്ഥാന എംപവ്വർ കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് തുക നിശ്ചയിക്കുന്നത്. ഈ പ്രക്രീയ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനു കാലതാമസം നേരിടുന്നില്ല. എന്നാൽ ഭൂമി സർവ്വെ ചെയ്ത് അടിസ്ഥാന ഭൂമി വില നിശ്ചയിക്കുന്നതിൽ, ഭൂമിയുടെ വിസ്തൃതി അനുസരിച്ച് ആനുപാതികമായ കാലതാമസം നേരിടാറുണ്ട്. ഭൂവുടമകൾ നെഗോസിയേഷൻ തുകയ്ക്കും പാക്കേജിനും അനുകൂലമായ സമ്മതപത്രം നൽകുന്നതിനു വിമുഖത കാണിക്കുന്നതും, ഭൂവുടമകൾ ഭൂമിയിന്മേലുള്ള വ്യക്തമായ രേഖകൾ ലഭ്യമാക്കാത്തതു കാരണം കാലതാമസം നേരിടാറുണ്ട്. ഇതിനു പരിഹാരമായി ഉഭയകക്ഷിപ്രകാരം, ഭൂമി പൊതു ആവശ്യത്തിനു ഏറ്റെടുക്കുമ്പോൾ പാർപ്പിടങ്ങൾ കുറവുള്ള സ്ഥലങ്ങളും നെൽവയൽ തണ്ണീർത്തട സംരക്ഷണ മേഖല അല്ലാത്തതുമായ ഭൂമി ഏറ്റെടുക്കാവുന്നതാണ്.

| | |
|---|---|
| (ബി) പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ നിലവിൽ കാലതാമസം വരുന്നത് ശ്രദ്ധയിപ്പട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ? | (ബി) കേന്ദ്ര നിയമത്തിന്റെയും സംസ്ഥാന പൊന്നുംവില ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ ആണ് ഭൂമി പൊതു ആവശ്യത്തിലേയ്ക്ക് ഏറ്റെടുക്കുന്നത്. സാധാരണ ഖണ്ഡത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനു വിജ്ഞാപനം കഴിഞ്ഞ് 3 വർഷത്തിനകം ഭൂമി കൈവശപ്പെടുത്താൻ സമയം അനുവദിച്ചിട്ടുണ്ട്. ഉഭയകക്ഷി സമ്മത പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ കാലതാമസം കുറയ്ക്കും. |

സെക്ഷൻ ഓഫീസർ